**1978 ലെ കേരള ചുമട്ടു തൊഴിലാളി നിയമവും 1981 ലെ ചട്ടങ്ങളും ആലപ്പുഴ ജില്ലയിലെ നിർമ്മാണ മേഖല ഉൾപ്പെടെ എല്ലാ മേഖലകളിലേയും കയറ്റിറക്ക് തൊഴിലാളികളുടെ സേവന – വേതന വ്യവസ്ഥകൾ പുതുക്കി നിശ്ചയിച്ചു കൊണ്ടുള്ള നടപടിക്രമം**

ഹാജർ : ദീപു ഫിലിപ്പ്

വിഷയം :- 1978 ലെ കേരള ചുമട്ടു തൊഴിലാളി നിയമവും 1981 ലെ ചട്ടങ്ങളും ആലപ്പുഴ ജില്ലയിലെ നിർമ്മാണ മേഖല ഉൾപ്പെടെ എല്ലാ മേഖലകളിലേയും കയറ്റിറക്ക് തൊഴിലാളികളുടെ സേവന – വേതന വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കുന്നത് – സംബന്ധിച്ച്

സൂചന :-
1. ആലപ്പുഴ ജില്ലാ പൊതുമരാമത്ത് ആന്റ് ജനറൽ വർക്കേഴ്സ് യൂണിയൻ പ്രസിഡന്റിന്റെ 10.01.2025 തീയതിയിലെ കത്ത്
2. ആലപ്പുഴ ജില്ലാ ചുമട്ടു തൊഴിലാളി കോൺഗ്രസ് പ്രസിഡന്റിന്റെ 10.01.2025 തീയതിയിലെ കത്ത്
3. 23.11.2022 ലെ ജി(3) 1773/22 നമ്പർ ഒത്തുതീർപ്പ് മെമ്മോറാണ്ടം
4. മേൽ വിഷയം സംബന്ധിച്ച് 13.02.25, 06.03.25, 04.04.25, 20.05.25, 03.06.25, 15.10.25, 29.10.25, 07.11.25 എന്നീ തീയതികളിൽ ഈ കാര്യാലയത്തിൽ വച്ച് നടന്ന ചർച്ചകൾ
5. ആൾ കേരള പ്രൈവറ്റ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ 16.10.25 ൽ സമർപ്പിച്ച കൂലി പട്ടിക
6. ആൾ കേരള പ്രൈവറ്റ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ 9.9.24, 21.2.25, 24.2.25 തീയതികളിൽ സമർപ്പിച്ച കൂലി പട്ടിക
7. ആൾ കേരള പ്രൈവറ്റ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ 30-06-2025 തീയതിയിൽ സമർപ്പിച്ച നിവേദനം
8. ആൾ കേരള ടൈൽസ് ആന്റ് സാനിറ്ററി വെയർ ഡീലേഴ്സ് അസോസിയേഷന്റെ (AKTISADA) 15.09.25 തീയതിയിലെ കത്ത്
9. അമ്പലപ്പുഴ താലൂക്ക് പൊതുമരാമത്ത് ലാന്റിംഗ് & ലോഡിംഗ് തൊഴിലാളി യൂണിയൻ (AITUC) യുടെ 19.02.26 തീയതിയിലെ കൂലിപ്പട്ടിക സ്റ്റേറ്റ്മെന്റ്
10. ഹെഡ് ലോഡ് & ജനറൽ വർക്കേഴ്സ് യൂണിയൻ (CITU) ന്റെ 27.02.26 തീയതിയിലെ കൂലിപ്പട്ടിക സ്റ്റേറ്റ്മെന്റ്
11. ഈ കാര്യാലയ പരിധിയിലെ വിവിധ അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്ക് നൽകിയ കൂലിപ്പട്ടികയിൽ ഉൾപ്പെടുത്തേണ്ട ഇന വിവരങ്ങൾ സംബന്ധിച്ച കത്തുകൾ
12. ചേർത്തല വടക്ക് ചേർത്തല തെക്ക്, 3-ാം സർക്കിൾ, 2-ാം സർക്കിൾ, 1-ാം സർക്കിൾ, മങ്കൊമ്പ് അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സമർപ്പിച്ച റിപ്പോർട്ടുകൾ

13. ബഹുമാനപ്പെട്ട ലേബർ കമ്മീഷണറുടെ 25-1-2023 തീയതിയിലെ LCO/6/2023-EN(1)നമ്പർ കത്ത്

ഉത്തരവ് നമ്പർ - ജി3-6374/25 തീയതി – 20.6.2026

ആലപ്പുഴ ജില്ലയിൽ പൊതുമരാമത്ത് നിർമ്മാണ മേഖലയിൽ കയറ്റിറക്ക് തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച കരാർ കാലാവധി അവസാനിച്ചെന്നും കരാർ പുതുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമുള്ള ആലപ്പുഴ ജില്ലാ പൊതുമരാമത്ത് ആന്റ് ജനറൽ വർക്കേഴ്സ് യൂണിയൻ പ്രസിഡന്റിന്റെ സൂചന (1) പ്രകാരമുള്ള കത്തിന്റെയും ആലപ്പുഴ ജില്ലാ ചുമട്ടു തൊഴിലാളി കോൺഗ്രസ് പ്രസിഡന്റിന്റെ സൂചന (2) പ്രകാരമുള്ള കത്തിന്റെയും അടിസ്ഥാനത്തിൽ ട്രേഡ് യൂണിയൻ പ്രതിനിധികളെയും കോൺട്രാക്ടർമാരെയും ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് പ്രതിനിധിയെയും പങ്കെടുപ്പിച്ച് കൊണ്ട് വിവിധ തീയതികളിൽ അനുരഞ്ജന യോഗങ്ങൾ സൂചന (4) പ്രകാരം 13.02.25, 06.03.25, 04.04.25, 20.05.25, 03.06.25, 15.10.25, 29.10.25, 07.11.25 തീയതികളിൽ ജില്ലാ ലേബർ ഓഫീസിൽ വച്ച് ക്രമീകരിച്ചെങ്കിലും ഇരുകക്ഷികൾക്കും ഒത്തുതീർപ്പിൽ എത്തുവാൻ സാധിച്ചില്ല. തുടർന്ന് കോൺട്രാക്ടർമാർ തങ്ങൾക്ക് വർദ്ധിപ്പിച്ച് നല്കാവുന്ന കൂലി സംബന്ധിച്ച പട്ടിക ഹാജരാക്കി ആയതിൽ ഓരോ യൂണിയനോടും തങ്ങളുടെ സ്റ്റേറ്റ്മെന്റ് നൽകുവാൻ എല്ലാ പ്രതിനിധികളോടും സൂചന (5), (6) പ്രകാരം ആവശ്യപ്പെട്ടു. കൂടാതെ സൂചന (11) പ്രകാരം ആലപ്പുഴ ജില്ലയിലെ അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ അധികാര പരിധിയിൽ കയറ്റിറക്ക് കൂലി പട്ടികയുമായി ബന്ധപ്പെട്ട് നിരന്തരമായി തർക്കം നിലനിൽക്കുന്ന ഇനങ്ങളുടെയും, നിലവിൽ കൂലി പട്ടികയിൽ ഇല്ലാത്തതും പുതിയതായി ഉൾപ്പെടുത്തേണ്ടതുമായ വസ്തുക്കളുടെ ഇനവിവരം, ലഭിച്ചു കൊണ്ടിരിക്കുന്ന കൂലി എന്നിവ ഇനം തിരിച്ചു നൽകുവാനും നിർദ്ദേശം നൽകുകയുണ്ടായി.

സൂചന (1) പ്രകാരം ആലപ്പുഴ ജില്ല പൊതുമരാമത്ത് ജനറൽ വർക്കേഴ്സ് യൂണിയൻ തൊഴിലാളികൾക്ക് ന്യായമായി അർഹതപ്പെട്ട തൊഴിൽ ലഭിക്കുന്നതിനും ആയതിന് പരസ്പര ധാരണയിൽ വേതനം ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. സൂചന (9) പ്രകാരം അമ്പലപ്പുഴ താലൂക്ക് പൊതുമരാമത്ത് ലാന്റിംഗ് & ലോഡിംഗ് തൊഴിലാളി യൂണിയന്റെ (AITUC) കൂലിപ്പട്ടിക സ്റ്റേറ്റ്മെന്റ് പ്രകാരം നിർമ്മാണ മേഖലയിലെ തച്ച് ജോലികൾക്ക് (ദിവസ വേതനം) നിലവിലെ വേതനത്തിൽ നിന്നും 15 % വർദ്ധിപ്പിക്കണമെന്നും കയറ്റിറക്കുമായി ബന്ധപ്പെട്ട പീസ് റേറ്റ് ജോലികളിൽ നിലവിലെ വേതനത്തിൽ നിന്നും 20 % വർദ്ധനവും വേണമെന്ന ആവശ്യം ഉന്നയിച്ച് സ്റ്റേറ്റ്മെന്റ് നല്കി. സൂചന (9) പ്രകാരം ഹെഡ് ലോഡ് ആൻഡ് ജനറൽ വർക്ക് യൂണിയൻ (സിഐടിയു) ടൈൽസ്, സോളാർ പാനൽ, എസി ഷീറ്റ്, ഫില്ലിംഗ് ആസ്ബറ്റോസ്, ബുക്ക്,

ഗാർഡൻ ടൈൽ, തോണ്ടൂർസ്റ്റോൺ എന്നീ വസ്തുക്കൾക്ക് ലഭിക്കേണ്ട കൂലി സംബന്ധിച്ച് സ്റ്റേറ്റ്മെൻറ് ഹാജരാക്കി.

സൂചന (12) പ്രകാരം ആലപ്പുഴ ജില്ലയിലെ ചേർത്തല വടക്ക്, ചേർത്തല തെക്ക്, ആലപ്പുഴ 1-ാം സർക്കിൾ, ആലപ്പുഴ 2-ാം സർക്കിൾ, ആലപ്പുഴ 3-ാം സർക്കിൾ, മങ്കോമ്പ് അസിസ്റ്റൻറ് ലേബർ ഓഫീസർമാർ റിപ്പോർട്ടുകൾ സമർപ്പിക്കുകയുണ്ടായി മറ്റ് അസിസ്റ്റൻറ് ലേബർ ഓഫീസർമാർ വിവരങ്ങൾ നല്കിയില്ല.

ഓൾ കേരള പ്രൈവറ്റ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ സൂചന (5) പ്രകാരം തങ്ങൾക്ക് വർദ്ധിപ്പിച്ച് നൽകാവുന്ന കൂലി സംബന്ധിച്ച് പട്ടികയ്ക്ക് പുറമേ സൂചന (6),(7) പ്രകാരം വിവിധ തീയതികളിൽ നിവേദനങ്ങൾ നൽകുകയുണ്ടായി ആയത് പ്രകാരം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഇനങ്ങളിൽ ചിലത് തിരുത്തൽ വരുത്തണമെന്നും അന്യായമായത് ഒഴിവാക്കണം എന്നും ആവശ്യപ്പെട്ടിട്ടുണ്ട് കൂടാതെ മറ്റു ജില്ലകളിൽ അനുവർത്തിച്ചിട്ടുള്ള കൂലി നിരക്കും പുറപ്പെടുവിച്ച ഉത്തരവുകളും പരിഗണിക്കണമെന്നും ഗൃഹനിർമ്മാണത്തിൽ ചുമട്ടുതൊഴിൽ ചെയ്യുന്ന തൊഴിലാളികളെ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ലേബർ കമ്മീഷണർ വിവരാവകാശ നിയമപ്രകാരം തങ്ങൾക്ക് നൽകിയ മറുപടിയിൽ പരാമർശിക്കുന്ന വസ്തുതകൾ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

മേൽ ഉന്നയിച്ച വസ്തുതകളും, റിപ്പോർട്ടുകളും പരിഗണിച്ച് കാലോചിതമായ മാറ്റം കൂലി പട്ടികയിൽ വരുത്താൻ തീരുമാനിച്ചു. ഓൾ കേരള പ്രൈവറ്റ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ ഉന്നയിച്ച, മറ്റു ജില്ലകളിൽ അനുവർത്തിച്ചിട്ടുള്ള കൂലി നിരക്കും പുറപ്പെടുവിച്ച ഉത്തരവുകളും പരിഗണിച്ച് കൂലി പട്ടികയിൽ മാറ്റം വരുത്തണമെന്ന ആവശ്യം നിലനിൽക്കുന്നതല്ല. മറ്റു ജില്ലകളിൽ കൂലി നിശ്ചയിക്കുന്നതിനായി സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്നത് അപ്രായോഗികമാണെന്ന് കാണുന്നു. ആ ജില്ലകളിലെ പ്രാദേശിക സാഹചര്യങ്ങൾക്ക് അനുസൃതമായാണ് അവിടെ കൂലി നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ, മറ്റ് ജില്ലകളിലെ അതേ കൂലി നിരക്ക് ആലപ്പുഴയിലും പിന്തുടർന്നാൽ, തൊഴിലാളികൾക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വേതനം പോലും നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായേക്കാം. എന്നാൽ ഗൃഹനിർമ്മാണത്തിൽ ചുമട്ടു തൊഴിലാളികളെ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ പുറപ്പെടുവിച്ച കൂലിപ്പട്ടികയിൽ പരാമർശിക്കുന്ന ഗൃഹനിർമാണവുമായി ബന്ധപ്പെട്ട് ഉൾപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ ഈ കൂലിപ്പട്ടികയിൽ ഉൾപ്പെടുത്തുന്നത് ഗൃഹനിർമ്മാണ വേളയിൽ ഈ ജില്ലയിൽ ഉണ്ടായേക്കാവുന്ന തർക്കങ്ങൾ കുറയ്ക്കാൻ സാധിക്കുമെന്ന് കാണുന്നു ആയത് ഉൾപ്പെടുത്താൻ തീരുമാനിക്കുന്നു.

സൂചന (13) പ്രകാരം ചുമട്ടുകൂലി നിർണയിക്കുമ്പോൾ ജീവിതവില നിലവാര സൂചിക കൂടി പരിഗണിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിലനിന്നിരുന്ന കൂലിപ്പട്ടിക 2022 നവംബർ

മാസം പുറപ്പെടുവിച്ച സാഹചര്യത്തിൽ ജീവിത വില നിലവാരസൂചിക 2022 ഡിസംബർ മുതൽ കണക്കിലെടുക്കേണ്ടതായി കാണുന്നു. കേരള സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ ഔദ്യോഗിക ഉത്തരവ് പ്രകാരം, 1998–99 പരമ്പരയിൽ ആലപ്പുഴ ജില്ലയിലെ 2022-ലെ ഡിസംബർ സൂചിക 396 പോയിന്റാണ്. 2026 ഏപ്രിലിലെ ലഭ്യമായ സൂചിക 441 പോയിന്റാണ്. ഈ കാലയളവിൽ സൂചികയിൽ ആകെ 45 പോയിന്റിന്റെ വർദ്ധനവ് രേഖപ്പെടുത്തി.

മിനിമം വേതന നിയമപ്രകാരം (Minimum Wages Act) തൊഴിലാളികളുടെ വേരിയബിൾ ക്ഷാമബത്ത (VDA) കണക്കാക്കാൻ ഉപയോഗിക്കുന്ന 1998–99 അടിസ്ഥാനമാക്കിയുള്ള പോയിന്റ് പ്രകാരം ഒരു നിശ്ചിത പോയിന്റിന് മുകളിൽ വരുന്ന ഓരോ പോയിന്റിനും നിശ്ചയിച്ചിട്ടുള്ള നിരക്ക് അനുസരിച്ചാണ് ക്ഷാമബത്ത കൂട്ടുന്നത്. 2022 മുതൽ 2026 വരെയുള്ള 4 വർഷത്തിടയിൽ 45 പോയിന്റിന്റെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

കൂടാതെ കേരള സംസ്ഥാനത്തെ കടകളിലും വ്യാപാര സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞ കൂലി നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് കേരള സർക്കാർ പുറപ്പെടുവിച്ച 21-12-2016 ലെ സ.ഉ.(അച്ചടി)നമ്പർ 196/2016/തൊഴിൽ വിജ്ഞാപന പ്രകാരം ക്ഷാമബത്തയിലുണ്ടായ വ്യതിയാനം ശതമാന നിരക്കിൽ പരിഗണിക്കുകയുണ്ടായി. സമാനമായ തൊഴിൽ മേഖല ഈ വിജ്ഞാപനത്തിൽ പരാമർശിക്കുന്നു. ടി വിജ്ഞാപന പ്രകാരം 22.38 ശതമാനം വർദ്ധനവാണ് 2022 മുതൽ 2026 വരെ ക്ഷാമബത്തയിൽ ഉണ്ടായിട്ടുള്ളത് എന്ന് കാണുന്നു. മേൽ പറഞ്ഞ വസ്തുതകളിൽ നിന്നും കൂലി വർദ്ധനവ് അനിവാര്യമാണെന്ന് ബോധ്യപ്പെട്ടു.

ട്രേഡ് യൂണിയനുകൾ സമർപ്പിച്ച സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിലും, ഓൾ കേരള പ്രൈവറ്റ് കോൺട്രാക്ടേഴ്സ് അസോസിയേഷൻ സമർപ്പിച്ച നിവേദനങ്ങളിൽ പരാമർശിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിലും ഈ ഓഫീസ് വിശദമായ പരിശോധന നടത്തുകയുണ്ടായി. ചുമട്ടുതൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്ന തൊഴിലാളികളുടെ നിലനിൽപ്പും, തൊഴിലുടമകളായ കോൺട്രാക്ടർമാരുടെയും മറ്റു തൊഴിലുടമകളുടെയും നിലനിൽപ്പും പരസ്പരപൂരകമാണ്. ഇരുകക്ഷികളുടെയും സഹകരണവും അഭിവൃദ്ധിയും വ്യവസായ മേഖലയുടെ സുഗമമായ മുന്നോട്ടുപോക്കിന് അനിവാര്യവുമാണ്, എന്നാൽ, ഇരുകക്ഷികളും സമർപ്പിച്ച വസ്തുതകളും ആവശ്യങ്ങളും തമ്മിൽ ഭീമമായ അന്തരം ഉള്ളതായി ബോധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ, ഇരുവിഭാഗത്തിന്റെയും താല്പര്യങ്ങൾ സംരക്ഷിക്കേണ്ടതുണ്ട്.

മേൽ വിവരിച്ച സാഹചര്യങ്ങൾ കണക്കിലെടുത്തും, സൂചന (3) മുൻ കൂലിപ്പട്ടിക മുൻനിർത്തിയും, തർക്ക പരിഹാരം ഉണ്ടാകാത്ത സാഹചര്യത്തിൽ നിലവിലുള്ള കൂലി നിരക്കിൽ നിന്നും 7% (ഏഴ് ശതമാനം) വർദ്ധനവിന് തൊഴിലാളികൾക്ക് അർഹതയുണ്ടെന്ന് കേരള ചുമട്ട് തൊഴിലാളി നിയമം വകുപ്പ് 21(4) പ്രകാരം നിക്ഷിപ്തമായ അധികാരത്തിന്റെ അടിസ്ഥാനത്തിൽ ഇതിനാൽ ഉത്തരവാകുന്നു.

മേൽ സാഹചര്യത്തിൽ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ആലപ്പുഴ ജില്ലയിലെ എല്ലാ മേഖലകളിലെയും കയറ്റിറക്ക് തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ **2026** ജൂൺ **20** മുതൽ **2** വർഷത്തെ കാലാവധി വച്ച് നിലവിൽ ലഭിച്ചുവരുന്ന കൂലിയിൽ നിന്നും **7 %** വർദ്ധനവ് വരുത്തി താഴെ കൊടുത്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**2026** ജൂൺ മാസം **20**ാം തീയതി

ജില്ലാ ലേബർ ഓഫീസർ ജി &
1978 ലെ ചുമട്ടു തൊഴിലാളി നിയമം 21
(4) പ്രകാരമുള്ള അധികാരി

<u>നിബന്ധനകൾ</u>

1. ഈ കരാറിലെ വ്യവസ്ഥകൾ ആലപ്പുഴ ജില്ലയിലെ എല്ലാ നിർമ്മാണ ജോലികൾക്കും അതുമായി ബന്ധപ്പെട്ട കയറ്റിറക്ക് ജോലികൾക്കും ബാധകമാണ്.

2. അംഗീകൃത യൂണിയനുകളുടെ അംഗങ്ങളും നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവരും ചുമട്ട് തൊഴിലാളി നിയമപ്രകാരമുള്ള 26 (എ) കാർഡുള്ള സ്ഥിരം സ്വഭാവമുള്ള തൊഴിലാളികൾക്ക് മാത്രമായിരിക്കും ജോലി ചെയ്യാനുള്ള അവകാശം.

3. ഗാർഹിക ആവശ്യങ്ങൾക്കുള്ള സാമഗ്രികളുടെ ചുമട്ട് ജോലി ഉടമസ്ഥനോ, ഉടമസ്ഥൻ നിശ്ചയിക്കുന്ന ആൾക്കോ ചെയ്യാൻ അവകാശമുണ്ടായിരിക്കുന്നതാണ്. ഗാർഹിക ആവശ്യത്തിനുള്ള ' 'കയറ്റിറക്ക്' ചുമട്ട് തൊഴിലിന്റെ നിർവ്വചനത്തിൽപ്പെടുന്നില്ല.

1. ഗാർഹിക ആവശ്യത്തിനുള്ള വീട്ടുപകരണങ്ങൾ, സ്വകാര്യ ജംഗമ വസ്തുക്കൾ വീട്ടുസാധനങ്ങൾ എന്നിവ മാറ്റുന്നതും മറ്റൊരിടത്തേയ്ക്ക് കൊണ്ടുപോകുന്നതും.

II. സ്വന്തം താമസസ്ഥലത്ത് നിന്നും സാധനങ്ങൾ മാറ്റുന്നതുമായി ബന്ധപ്പെട്ട ജോലികൾ, പൊതു ചടങ്ങുകൾ, സാമൂഹികവും മതപരവുമായി ബന്ധപ്പെട്ട ജോലികൾ.

III. വ്യക്തിഗത ആവശ്യങ്ങൾക്കുള്ള തടി, മരം എന്നിവ മുറിക്കുന്നതും, നീക്കം ചെയ്യുന്നതും മറ്റൊരിടത്തേക്ക് കൊണ്ടുപോകുന്നതും.

IV. വിൽക്കാനുള്ള ആവശ്യത്തിനല്ലാതെ വ്യക്തിഗത ആവശ്യത്തിനുള്ള വീടിന്റെ നിർമ്മാണം, കേടുപാട് തീർക്കൽ, മെയിൻറനൻസ് എന്നിവയ്ക്കുള്ള നിർമ്മാണ വസ്തുക്കൾ **(Construction Materials)**, ഉപകരണങ്ങൾ **(Equipments)**, യന്ത്രങ്ങൾ **(Machines)**, എന്നിവ മാറ്റുന്നതും മറ്റൊരു സ്ഥലത്തേയ്ക്ക് കൊണ്ടുപോകുന്നതും.

V. വ്യവസായിക-വാണിജ്യ ആവശ്യങ്ങൾക്കല്ലാതെ വ്യക്തിഗത ആവശ്യത്തിന് വേണ്ടി കെട്ടിട സാധനങ്ങളും ഉപകരണങ്ങളും പൊളിക്കുന്നതും അവ മറ്റൊരിടത്തേയ്ക്ക് കൊണ്ടുപോകുന്നതിനുമായി അഴിച്ചുമാറ്റുന്നതുമായി ബന്ധപ്പെട്ട ജോലികൾ.

VI. വ്യക്തിഗത ആവശ്യങ്ങൾക്ക് മൃഗങ്ങളെ മാറ്റുന്നതും മറ്റൊരിടത്തേയ്ക്ക് കൊണ്ടുപോകുന്നതും.

VII. കാർഷിക പ്രവർത്തനങ്ങളുമായി സാധനങ്ങൾ, ബന്ധപ്പെട്ട പണിയായുധങ്ങൾ, കാർഷിക യന്ത്രങ്ങൾ, അസംസ്കൃത വസ്തുക്കൾ. കാർഷിക ഉത്പന്നങ്ങൾ, മറ്റു വസ്തുക്കൾ എന്നിവ ഒരു വ്യക്തിയുടെ ഭൂമിയിൽ നിന്നും മാറ്റുന്നതും മറ്റൊരിടത്തേയ്ക്ക് കൊണ്ടുപോകുന്നതും.

VIII ഗസറ്റിലൂടെ സർക്കാർ നോട്ടിഫൈ ചെയ്യുന്ന ഗാർഹിക ആവശ്യത്തിനുള്ള മറ്റേതൊരു ജോലിയും, പ്രവൃത്തിയും, പ്രക്രിയയും.

IX. എന്നാൽ ഗാർഹിക ആവശ്യം ഉൾപ്പെടെയുള്ള എല്ലാ കയറ്റിറക്ക് ജോലികൾക്കും ഉടമയ്ക്ക് താല്പര്യമെങ്കിൽ കയറ്റിറക്ക് തൊഴിലാളികളെ ഏർപ്പെടുത്താവുന്നതാണ്.

4. പൂഴി, മണൽ, ഗ്രാവൽ, മെറ്റൽപ്പൊടി തുടങ്ങിയവ ടിപ്പറിൽ ഇറക്കിയാൽ തൊഴിലാളികൾക്ക് കൂലി നൽകേണ്ടതില്ല.

5. ജെ.സി.ബി, ലിഫ്റ്റ്, റെഡി മിക്സർ ഉൾപ്പെടെയുള്ള ആധുനിക മെഷീനറികൾ ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. എന്നാൽ തൊഴിലാളികൾക്ക് ഓരോ കരാർ പണിയിലും പരമാവധി ജോലി ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.

6. ഓരോ ദിവസവും എത്ര തൊഴിലാളികളെ വേണമെന്ന് നിശ്ചയിക്കുന്നതിനുള്ള അധികാരം തൊഴിലുടമകൾക്കായിരിക്കും. യൂണിയനുകളുടെ എണ്ണം അനുസരിച്ച് തൊഴിലാളികളെ വെക്കേണ്ടതില്ല. പൂളിൽ നിന്നും തൊഴിലാളികളെ ആവശ്യപ്പെടാവുന്നതാണ്.

7. അംഗീകൃത യൂണിയനുകളിൽ/പൂളിൽപ്പെടാത്തവർ പ്രാദേശികവാദം ഉന്നയിച്ച് തൊഴിൽ ആവശ്യപ്പെട്ടുകൊണ്ട് മറ്റ് രീതിയിലോ തൊഴിൽ സ്ഥലങ്ങളിൽ പണി തടസ്സപ്പെടുത്തുകയോ / സ്തംഭിപ്പിക്കുകയോ ചെയ്താൽ ടി വിവരം ബന്ധപ്പെട്ട അധികാരികളെ അറിയിച്ച് തടസ്സങ്ങൾ നീക്കി സുഗമമായ പ്രവർത്തന സൗകര്യം ഉണ്ടാക്കേണ്ടതാണ്.

8. ഏതെങ്കിലും സ്ഥലത്ത് ജോലി ആരംഭിക്കുന്നതിന് മുമ്പ് യൂണിയൻ നേതൃത്വത്തേയോ ബന്ധപ്പെട്ട പൂളിലോ വിവരം അറിയിക്കേണ്ടതാണ്.

9. ലോറി ലോഡുമായി സൈറ്റിൽ വന്ന് കഴിഞ്ഞാൽ ലോഡിംഗ് അൺലോഡിംഗ് സംബന്ധിച്ച് തർക്കമുണ്ടായാൽ, ലോഡിറക്കി കഴിഞ്ഞതിന് ശേഷം മാത്രം യൂണിയൻ പ്രതിനിധികൾ ബന്ധപ്പെട്ട തൊഴിലുടമയുമായി തർക്ക പ്രശ്നം പരിഹരിക്കേണ്ടതും ജോലിക്ക് തടസ്സമുണ്ടാകാൻ പാടില്ലാത്തതുമാണ്.

10. മെല്ലെപോക്ക് , മനഃപൂർവ്വം സ്തംഭിപ്പിക്കുക, കരാർ വ്യവസ്ഥകൾക്ക് വിപരീതമായി കൂലി ആവശ്യപ്പെടുക, തൊഴിൽ ചെയ്യാതെ കൂലി ആവശ്യപ്പെടുക, നിർദ്ദിഷ്ട തൊഴിൽ ചെയ്യാതിരിക്കുക തുടങ്ങിയവ കുറ്റകരമായ പെരുമാറ്റ ദൂഷ്യമായി കണക്കാക്കപ്പെടുന്നതാണ്. അപ്രകാരമുള്ള പെരുമാറ്റ ദൂഷ്യത്തിന് പൂൾ ലീഡർ ബന്ധപ്പെട്ട യൂണിയനുകളുമായി ചേർന്ന് തൊഴിലാളികളുടെ മേൽ അച്ചടക്ക നടപടി കൈക്കൊണ്ടാൽ ആയത് പിൻവലിക്കുന്നത് വരെ തൊഴിലാളികളെ ജോലിക്ക് നിർത്താൻ പാടില്ല. ഒരു യൂണിയൻ പെരുമാറ്റ ദൂഷ്യത്തിന് നടപടി എടുക്കുന്ന തൊഴിലാളികളെ മറ്റ് യൂണിയനുകള് സ്വീകരിക്കുവാൻ പാടുള്ളതല്ല.

11. കയറ്റിറക്ക് നിർമ്മാണ ജോലികൾക്ക് ഓരോ പ്രദേശത്തെ യൂണിയനുകൾ തമ്മിൽ നിലനിൽക്കുന്ന മറ്റ് വ്യവസ്ഥകൾ തുടരേണ്ടതാണ്.

12. തൊഴിൽ ആരംഭിച്ചതിന് ശേഷം ഏതെങ്കിലും വിഷയത്തിൽ തർക്കങ്ങൾ ഉണ്ടായാൽ അന്നത്തെ ജോലി പൂർത്തീകരിക്കേണ്ടതും തർക്ക വിഷയങ്ങൾ പൂളിൽ അറിയിക്കേണ്ടതും കക്ഷികൾ പ്രശ്നം അടിയന്തിരമായി ചർച്ച ചെയ്ത് തീർക്കേണ്ടതുമാണ്.

13. ഏതെങ്കിലും യൂണിയനോ, യൂണിയനുകളോ ജോലിയിൽ നിന്നും മാറി നിന്നാൽ മറ്റ് യൂണിയനുകൾ മാറി നിൽക്കുന്ന യൂണിയനുകളുടെ ഭാഗം ജോലി കൂടി നിർവ്വഹിക്കേണ്ടതാണ്.

14. ജോലി സമയം, വിശ്രമ സമയം ഉൾപ്പെടെ രാവിലെ 8 മണി മുതൽ വൈകിട്ട് 5.30 വരെ (8 മണിക്കൂർ) ആയിരിക്കുന്നതാണ്.

15. തൊഴിൽ തർക്കങ്ങൾ യൂണിയനുകളുടെ പ്രതിനിധികളും അസോസിയേഷൻ പ്രതിനിധിക്കും ചേർന്ന് ചർച്ച ചെയ്ത് പരിഹരിക്കേണ്ടതാണ്.

16. മേൽ വ്യവസ്ഥകളിൽ പറഞ്ഞിരിക്കുന്നത് കൂടാതെ വരുന്ന ജോലികൾ തൊഴിലാളികൾ ചെയ്ത് തീർക്കേണ്ടതും തർക്കമുണ്ടായാൽ പൂളിന്റെ ഭാരവാഹികളെ അറിയിക്കേണ്ടതുമാണ്.

17. കോൺട്രാക്ടർ കൊണ്ടുവരുന്ന പണി സാധനങ്ങൾ ഇറക്കുകയും കയറ്റുകയും ചെയ്യുന്നതിൽ യൂണിയനുകൾ ഇടപ്പെടാൻ പാടില്ല.

18. ഈ എഗ്രിമെൻറിന്റെ കാലാവധി 2028 ജൂൺ 20 വരെയായിരിക്കും.

19. തൊഴിലാളികളുടെ എല്ലാ ആനുകൂല്യങ്ങളും ഉൾപ്പെടെയുളളതാണ് ഈ കൂലി വ്യവസ്ഥ.

20. ഈ നിരക്കുകൾ വാഹനത്തിലെ അടുക്ക് ഇറക്ക് ഉൾപ്പെടെയുള്ളതായിരിക്കുന്നതാണ്. അടുക്ക് ഇറക്ക് പ്രത്യേക തൊഴിൽ വിഭാഗമായി നിലനിൽക്കുന്ന സ്ഥലങ്ങളിൽ നിലവിലുള്ള കീഴ്വഴക്കം അനുസരിച്ച് വീതിക്കേണ്ടതാണ്.

21. ഈ നിരക്കുകൾ ചുമട്ട് തൊഴിലാളി ക്ഷേമപദ്ധതി വ്യാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ 27% ലെവി അടക്കമുള്ളതും പദ്ധതി വ്യാപനം നടത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ ലെവി നൽകേണ്ടതില്ലാത്തതുമാണ്.

22. 15 മീറ്ററിന് മേൽ ചുമന്ന് കൊണ്ടു പോകുന്നതിന് 10%വും 25 മീറ്ററിന് മേൽ ചുമന്ന് കൊണ്ടുപോകുന്നതിന് 20%വും കെട്ടിടത്തിന്റെ മുകളിലേക്ക് ചുമന്ന് കൊണ്ടുപോകുന്നതിന് ഓരോ നിലയിലേക്കും 10% വീതവും അധികം തുക കൂലിയായി നൽകേണ്ടതാണ്.

23. നിശ്ചയിച്ചിരിക്കുന്ന കൂലി നിരക്കുകൾ ചുമട്ട് തൊഴിലാളികൾക്കും തൊഴിൽ ചെയ്യിക്കുന്ന ഉടമകൾക്കും പൂർണ്ണമായും ബാധകമാകുന്നതും ഇത് സംബന്ധിച്ച് തർക്കങ്ങൾ ഉയർന്ന് വരിയാണെങ്കിൽ ബന്ധപ്പെട്ട അസി. ലേബർ ഓഫീസർ മുഖേന തർക്ക പരിഹാരം വരുത്തേണ്ടതും കയറ്റിറക്ക് ജോലി യാതൊരു കാരണവശാലും തടസ്സപ്പെടുത്തുവാൻ പാടില്ലാത്തതുമാണ്.

24. ജോലിയിൽ ഏർപ്പെടാതെ കൂലിക്ക് യാതൊരാൾക്കും അവകാശമില്ലാത്തതും കൂലിയിനത്തിൽ കൈപ്പറ്റുന്ന തുകയ്ക്ക് തൊഴിലാളികൾ മതിയായ രസീത് നൽകേണ്ടതുമാണ്.

25. യന്ത്രസഹായം കൊണ്ട് മാത്രം ചെയ്യാവുന്ന കയറ്റിറക്ക് പ്രവർത്തികളിൽ തൊഴിലാളികൾ അവകാശവാദം ഉന്നയിക്കുവാനോ കൂലി ആവശ്യപ്പെടുവാനോ പാടുള്ളതല്ല.

26. 1978-ലെ കേരള ചുമട്ട് തൊഴിലാളി നിയമം അനുശാസിക്കുന്ന പ്രവർത്തികളിൽ മാത്രമേ കയറ്റിറക്ക് തൊഴിലാളികൾക്ക് അവകാശമുണ്ടായിരിക്കുകയുള്ളൂ.

27. നിലവിൽ കൂലി നിരക്ക് സംബന്ധിച്ച് പ്രാബല്യത്തിലുള്ള ഉഭയകക്ഷി കരാറുകൾക്ക് പ്രസ്തുത കരാറുകളുടെ കാലാവധിക്ക് ശേഷം ഈ ഉത്തരവ് ബാധകമായിരിക്കുന്നതാണ്.

28. ഏതെങ്കിലും കാരണവശാൽ വാഹനങ്ങളിൽ വരുന്ന സാധനങ്ങൾ ഒരു വശത്തു കൂടി മാത്രം ഇറക്കേണ്ടി വരുകയാണെങ്കിൽ സാധാരണ കൂലിക്ക് പുറമെ 50 % (അരക്കൂലി) കൂടുതലായി കൊടുക്കേണ്ടതാണ്.

29. ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതിയ ഇനങ്ങളുടെ കൂലി നിരക്ക് സമാനമായ ഇനങ്ങളുടെ കൂലി നിരക്കിന് അനുപാതികമായാണ് നിശ്ചയിച്ചിട്ടുള്ളത്. സമാനമായ ഇനങ്ങളുടെ കൂലി നിരക്ക് ലഭ്യമല്ലാത്ത ഇനങ്ങൾക്ക് അസി. ലേബർ ഓഫീസർമാർ നല്കിയ റിപ്പോർട്ടിൽ പരാമർശിക്കുന്ന കൂലി നിരക്ക് ഉൾപ്പെടുത്തുന്നു.

Deepaphilip

ജില്ലാ ലേബർ ഓഫീസർ
ആലപ്പുഴ

പകർപ്പ്

1. വി.ബി. അശോകൻ, ജന: സെക്രട്ടറി, ഹെഡ് ലോഡ് & ജനറൽ വർക്കേഴ്സ് യൂണിയൻ (സിഐടിയു), ആലപ്പുഴ ജില്ലാ കമ്മറ്റി
2. എസ്. രമേശൻ, ഹെഡ്ലോഡ് & ജനറൽ വർക്കേഴ്സ് യൂണിയൻ, ഏരിയ കമ്മറ്റി, ആലപ്പുഴ (സിഐടിയു)
3. ബിനീഷ് ബോയ്, കൺസ്ട്രക്ഷന് & ജനറൽ മസ്ദൂർ സംഘ് (ബിഎംഎസ്)
4. പി.ബി പുരുഷോത്തമൻ, ബി.എം.എസ്
5. പി. രാമചന്ദ്രൻ, ജില്ലാ സെക്രട്ടറി, കേരള കൺസ്ട്രക്ഷന് ലേബര് യൂണിയന്, യുറ്റിയുസി, കല്ലുപാലം, ആലപ്പുഴ
6. ശശിയപ്പൻ, അമ്പലപ്പുഴ താലൂക്ക് പൊതുമരാമത്ത് ലാൻഡിംഗ് & ലോഡിംഗ് തൊഴിലാളി യൂണിയൻ, എഐടിയുസി, ആലപ്പുഴ
7. കെ.എൽ.ബെന്നി, എഐടിയുസി
8. ബാബുജോർജ്ജ്, പ്രസിഡൻറ്, ആലപ്പുഴ ജില്ലാ ചുമട്ട് തൊഴിലാളി കോൺഗ്രസ്സ് (ഐഎൻടിയുസി)
9. ശ്രീ.ജെ.രഘുകുമാർ (ആൾ കേരള ഗവ: കോൺട്രാക്ടേഴ്സ് അസോസിയേഷൻ) മംഗലശ്ശേരിൽ, പഴവീട്, ആലപ്പുഴ
10. ശ്രീ.എ.കെ.സനൽ, (ആൾ കേരള ഗവ: കോൺട്രാക്ടേഴ്സ് അസോസിയേഷൻ) അംബികാ നിവാസ്, കാട്ടൂർ.പി.ഒ, കലവൂർ, ആലപ്പുഴ
11. ശ്രീ.ജേക്കബ്ബ് തമ്പി, (ആൾ കേരള ഗവ: കോൺട്രാക്ടേഴ്സ് അസോസിയേഷൻ) മാന്തോപ്പ് ബംഗ്ലാവ്, അവലൂക്കുന്ന്.പി.ഒ, ആലപ്പുഴ

12. എ.എ. ജോസഫ്, (എകെജിസിഎ), അറയ്ക്കൽ ഹൗസ്, പൂങ്കാവ്, ആലപ്പുഴ

13. ശ്രീ.ബോബി.സി.ജോർജ്ജ്, മാനേജിംഗ് പാർട്ണർ, ജിയോ ബിൽഡേഴ്സ്, തത്തംപള്ളി.പി.ഒ, ആലപ്പുഴ

14. ശ്രീ.ജോർജ്ജ്കുട്ടി മെമ്പർ - ബിൽഡേഴ്സ് അസോസിയേഷയൻ ഓഫ് ഇന്ത്യ, ആലപ്പുഴ സെന്റർ, ചൊവ്വുംപുറം, തത്തംപള്ളി.പി.ഒ, ആലപ്പുഴ

15. ശ്രീ.സണ്ണി ഫിലിപ്പോസ്, പ്രസിഡന്റ് അമ്പലപ്പുഴ താലൂക്ക് ഗവ: കോൺട്രാക്ടേഴ്സ് അസോസിയേഷൻ, മുതിരപ്പറമ്പ്, പുറക്കാട് പി.ഒ, ആലപ്പുഴ

16. ശ്രീ. അനിൽകുമാർ.കെ.വി (ആലപ്പുഴ ജില്ല ചുമട്ട് തൊഴിലാളി ക്ഷേമ ബോർഡ് ചെയർമാനു വേണ്ടി)

കേരള സർക്കാർ - ജില്ലാ ലേബർ ഓഫീസ് (ആലപ്പുഴ)

*കയറ്റിറക്ക് സാധനങ്ങളുടെ പുതുക്കിയ കൂലി വിവരപ്പട്ടിക (7% വർദ്ധനവ് ഉൾപ്പെടുത്തിയത്)*

| ക്രമ നമ്പർ | ഇനവിവരം | നിലവിലുള്ള നിരക്ക് (രൂപയിൽ) | പുതുക്കിയ നിരക്ക് (7% കൂട്ടിയത്) |
|---|---|---|---|
| 1 | മണൽ ഇഷ്ടിക 1000-ന് (വലുത്) | 583 | 624 |
| 2 | ചുവന്ന ഇഷ്ടിക 1000-ന് (വലുത്) | 535 | 572 |
| 3 | ചുവന്ന ഇഷ്ടിക 1000-ന് (ചെറുത്) | 445 | 476 |
| 4 | വെട്ടുകല്ല് 100-ന് (വലുത്) | 421 | 450 |
| 5 | വെട്ടുകല്ല് 100-ന് (ചെറുത്) | 284 | 304 |
| 6 | സിമന്റ് ഒരു ചാക്ക് (ഇറക്ക്) | 12 | 13 |
| 7 | സിമന്റ് ഒരു ചാക്ക് (കയറ്റ്) | 13 | 14 |
| 8 | സിമന്റ് ഒരു ചാക്ക് (അടച്ചുപൂട്ടിയ വണ്ടിയിൽ വരുന്നത്/വശങ്ങൾ തുറക്കാൻ സാധിക്കാത്തത്) | 17 | 18 |
| 9 | കമ്പി ഒരു ടൺ ഇറക്ക് | 417 | 446 |
| 10 | മാർബിൾ കണ്ടെയ്നർ - ഒരു ടൺ | 1,664 | 1,780 |
| 11 | മാർബിൾ, കടപ്പ, ഗ്രാനൈറ്റ് ഒരു ടൺ (സാധാ) | 1,110 | 1,188 |
| 12 | ഗ്രാനൈറ്റ് ഗാങ്സോ സൈസ് | 1,445 | 1,546 |
| 13 | തോണ്ടൂർ സ്റ്റോൺ (2x2) 1-പീസ് | 16 | 17 |
| 14 | ഗാർഡൻ ഗ്രാനൈറ്റ് (2x2) 1-പീസ് | 27 | 29 |
| 15 | എ.സി. ഷീറ്റ് | 11 | 12 |
| 16 | ഹോളോ, സോളിഡ് ബ്ളോക്ക് 100-ന് ചെറുത് 4" | 318 | 340 |
| 17 | ഹോളോ, സോളിഡ് ബ്ളോക്ക് 100-ന് വലുത് (6") | 366 | 392 |
| 18 | ഹോളോ, സോളിഡ് ബ്ളോക്ക് 100-ന് വലുത് (8") | 417 | 446 |
| * | ലോക്ക് കട്ട | | |
| 20 | ലോക്ക് കട്ട 0.25 മുതൽ 0.39 സ്ക്വയർ ഫീറ്റ് (6 സെ.മീ) | 2 | 2 |
| 21 | 0.5 സ്ക്വയർ ഫീറ്റ് (6 സെ.മീ) | 2 | 2 |
| 22 | 0.75 സ്ക്വയർ ഫീറ്റ് (6 സെ.മീ) | 3 | 3 |
| 23 | 0.5 സ്ക്വയർ ഫീറ്റ് (10 സെ.മീ) | 3 | 3 |
| 24 | ടൈൽസ് 1000-ന് (9x6") | 293 | 314 |
| 25 | ടൈൽസ് 1000-ന് (12 X 12") | 333 | 356 |
| 26 | മേച്ചിൽ ഓട് 1000-ന് | 417 | 446 |
| 27 | ഡിസൈൻ ഓട് 1000-ന് | 199 | 213 |
| 28 | കമിഴ്ത്ത് ഓട് 1000-ന് | 417 | 446 |
| 29 | ടിൻ ഷീറ്റ് 1-ന് (വലുത്) | 11 | 12 |
| 30 | അലുമിനിയം ഷീറ്റ് 1-ന് | 3 | 3 |
| 31 | ടാർ വീപ്പ ഇറക്കി അട്ടി വയ്ക്കുന്നതിന് | 82 | 88 |
| 32 | ടാർ വീപ്പ കയറ്റി അട്ടി വയ്ക്കുന്നതിന് | 104 | 111 |
| 33 | ഹെവി ഐറ്റംസ് മെഷിനറി ഉൾപ്പെടെ 1 ടണ്ണിന് | 1,109 | 1,187 |

| | | | |
|---|---|---|---|
| 34 | ഹെവി ഐറ്റംസ് മെഷിനറി ടോറസ് 1 ടണ്ണിന് | 1,661 | 1,777 |
| 35 | എച്ച്.ടി കേബിൾ ഫുൾ ഡ്രം | 1,109 | 1,187 |
| 36 | എച്ച്.ടി./യു.ജി.കേബിൾ (1/2 ഡ്രം) | 554 | 593 |
| 37 | എച്ച്.ടി./യു.ജി. കേബിൾ (1/4 ഡ്രം) | 277 | 296 |
| * | സാനിറ്ററി ഇനങ്ങൾ | | |
| 38 | ക്ളോസറ്റ് 1-ന് | 11 | 12 |
| 39 | യൂറോപ്യൻ ക്ളോസറ്റ് 1-ന് | 24 | 26 |
| 40 | വാഷ് ബെയ്സൻ | 11 | 12 |
| 41 | എ1- പി.വി.സി പൈപ്പ് | 2 | 2 |
| 42 | മുക്കാൽ ഇഞ്ച് മുതൽ 2 1/2 ഇഞ്ച് വരെ (1 കെട്ട്) | 37 | 40 |
| 43 | 2 1/2 ഇഞ്ച് മുതൽ 5 ഇഞ്ച് വരെ (1 കെട്ട്) | 31 | 33 |
| 44 | ബാത്ത് ടബ്ബ് (ഫൈബർ) | 70 | 75 |
| 45 | ബാത്ത് ടബ്ബ് സിറാമിക് | 246 | 263 |
| 46 | റോളിംഗ് ഷട്ടർ 1 സെറ്റ് | 655 | 701 |
| 47 | മുട്ടു പലക ലോറി 1-ന് | 2,060 | 2,204 |
| 48 | മുട്ടു പലക മിനി ലോറി 1-ന് | 1,585 | 1,696 |
| 49 | വർക്ക് ഷട്ടർ, സ്പാൻ 1-ലോഡ് കയറ്റ് | 2,853 | 3,053 |
| 50 | വർക്ക് ഷട്ടർ, സ്പാൻ 1-ലോഡ് ഇറക്ക് | 2,535 | 2,712 |
| 51 | മുട്ടു പലക ടെമ്പോ | 1,189 | 1,272 |
| 52 | ഹാർഡ് ബോർഡ് | 14 | 15 |
| 53 | കട്ടിള (തടി) -1 | 27 | 29 |
| 54 | കട്ടിള (തടി) -വലുത് | 31 | 33 |
| 55 | കട്ടിള കോൺക്രീറ്റ് - 1 | 40 | 43 |
| * | ടൈൽസ് (വിവിധ അളവുകൾ പാക്കറ്റ് നിരക്ക്) | | |
| 56 | സിറാമിക് ടൈൽസ് 1-പെട്ടി | 10 | 11 |
| 57 | ടൈൽസ് 1-പെട്ടി (വെർട്ടിഫൈഡ്) (80 X60)($2^{1/2}$x2) | 25 | 27 |
| 58 | 60 x120 ടൈൽസ് രണ്ടെണ്ണം അടങ്ങുന്ന ഒരു പെട്ടി (2'x4') | 27 | 29 |
| 59 | 30 x18 പെട്ടി (1'x1/2') | 14 | 15 |
| 60 | 60 x30 പെട്ടി (2'x1') | 16 | 17 |
| 61 | 180x45 പെട്ടി (6'x1.5') | | 25 |
| 62 | 90x150 പെട്ടി (3'x5') | | 60 |
| 63 | 120x180 പെട്ടി (4'x6') | | 90 |
| 64 | 180x180 പെട്ടി (6'x6') | | 130 |
| 65 | ഫ്ളോർ ടൈൽ ( 2x2) 1-പെട്ടി | 24 | 26 |
| 66 | പവിംഗ് ടൈൽ (20X12X07) 1-പെട്ടി | 3 | 3 |
| 67 | ഗാർഡൻ ടൈൽ (30X30X03 ) 1-പെട്ടി | 11 | 12 |
| * | വാർക്ക ജനൽ | | |
| 68 | ജനൽ 2 പാളി | 37 | 40 |
| 69 | ജനൽ 3 പാളി | 43 | 46 |
| 70 | ജനൽ 4 പാളി | 56 | 60 |
| * | വീട്ടുപകരണങ്ങൾ/ഓഫീസ് ഉപകരണങ്ങൾ | | |
| 71 | സ്റ്റൂൾ 1 | 10 | 11 |

| | | | | |
|---|---|---|---|---|
| 72 | റ്റീപോയ് - ചെറുത് | | 7 | 7 |
| 73 | റ്റീപോയ് - വലുത് | | 16 | 17 |
| 74 | വാഷിംഗ് മെഷീൻ | | 95 | 102 |
| 75 | ഗ്രൈൻഡർ - ചെറുത് | | 32 | 34 |
| 76 | ഗ്രൈൻഡർ - വലുത് | | 52 | 56 |
| 77 | കമ്പ്യൂട്ടർ | | 16 | 17 |
| 78 | യു.പി.എസ് - ചെറുത് | | 17 | 18 |
| 79 | യു.പി.എസ് - വലുത് | | 31 | 33 |
| 80 | ഫോട്ടോ കോപ്പിയർ - ചെറുത് | | 64 | 68 |
| 81 | ഫോട്ടോ കോപ്പിയർ - വലുത് | | 123 | 132 |
| 82 | ഫാക്സ് | | 19 | 20 |
| 83 | ചാക്കു കെട്ടുകൾ - 50 കി.ഗ്രാം. | | 21 | 22 |
| 84 | എയർ കണ്ടീഷൻ - ചെറുത് | | 133 | 142 |
| 85 | എയർ കണ്ടീഷൻ - വലുത് | | 158 | 169 |
| 86 | സോഫാ സെറ്റ് (3+2) | | 123 | 132 |
| 87 | ബുക്ക് ഷെൽഫ് ചെറുത് | | 72 | 77 |
| 88 | ബുക്ക് ഷെൽഫ് - വലുത് | | 96 | 103 |
| 89 | ഫാൻ -1 (ടേബിൾ/സീലിംഗ്/പെഡസ്ട്രിയൽ) | | 10 | 11 |
| 90 | ബാറ്ററി ചെറുത് | | 9 | 10 |
| 91 | ബാറ്ററി വലുത് | | 16 | 17 |
| 92 | കട്ടിൽ - സിംഗിൾ | | 41 | 44 |
| 93 | കട്ടിൽ - ഡബിൾ | | 63 | 67 |
| 94 | ഫാമിലി കട്ടിൽ | | 83 | 89 |
| 95 | സിംഗിൾ മെത്ത | | 7 | 7 |
| 96 | ഡബിൾ മെത്ത | | 16 | 17 |
| 97 | ടി.വി സ്റ്റാന്റ് - ചെറുത് | | 37 | 40 |
| 98 | ടി.വി സ്റ്റാന്റ് - വലുത് | | 49 | 52 |
| 99 | ട്രങ്ക് ബോക്സ് (തടി) | | 11 | 12 |
| 100 | ട്രങ്ക് ബോക്സ് (സ്റ്റീൽ) | | 11 | 12 |
| 101 | തയ്യൽ മെഷീൻ | | 41 | 44 |
| 102 | നോട്ടീസ് ബോർഡ് | | 16 | 17 |
| 103 | സ്റ്റീൽ അലമാര (വലുത്) | | 105 | 112 |
| 104 | സ്റ്റീൽ അലമാര (ഇടത്തരം) | | 92 | 98 |
| 105 | സ്റ്റീൽ അലമാര (ചെറുത്) | | 81 | 87 |
| 106 | തടി അലമാര (വലുത്) | | 126 | 135 |
| 107 | തടി അലമാര (ഇടത്തരം) | | 116 | 124 |
| 108 | തടി അലമാര (ചെറുത്) | | 106 | 113 |
| 109 | എക്സിക്യൂട്ടീവ് മേശ (വലുത്) | | 100 | 107 |
| 110 | എക്സിക്യൂട്ടീവ് മേശ (ചെറുത്) | | 82 | 88 |
| 111 | സാധാരണ മേശ (വലുത്) | | 72 | 77 |
| 112 | സാധാരണ മേശ (ചെറുത്) | | 63 | 67 |
| 113 | കോൺഫറൻസ് ടേബിൾ | | 238 | 255 |
| 114 | സ്റ്റീൽ ടേബിൾ | | 79 | 85 |
| 115 | തടി ടേബിൾ | | 79 | 85 |

| | | | |
|---|---|---|---|
| 116 | എക്സിക്യൂട്ടീവ് ചെയർ | 32 | 34 |
| 117 | കസേര (സ്റ്റീൽ, തടി) | 10 | 11 |
| 118 | കസേര (പ്ലാസ്റ്റിക്) | 3 | 3 |
| 119 | റാക്ക് സ്റ്റീൽ (ചെറുത്) | 46 | 49 |
| 120 | റാക്ക് - സ്റ്റീൽ (ഇടത്തരം) | 56 | 60 |
| 121 | റാക്ക് - സ്റ്റീൽ (വലുത്) | 76 | 81 |
| 122 | റാക്ക് - തടി (ചെറുത്) | 63 | 67 |
| 123 | റാക്ക് - തടി (ഇടത്തരം) | 80 | 86 |
| 124 | റാക്ക് - തടി (വലുത്) | 103 | 110 |
| 125 | ബെഞ്ച് 1 | 10 | 11 |
| 126 | ഡെസ്ക് 1 | 32 | 34 |
| 127 | സ്റ്റാന്റ് 1 | 10 | 11 |
| 128 | ഡൈനിംഗ് ടേബിൾ (ചെറുത്) | 103 | 110 |
| 129 | ഡൈനിംഗ് ടേബിൾ (ഇടത്തരം) | 126 | 135 |
| 130 | ഡൈനിംഗ് ടേബിൾ (വലുത്) | 142 | 152 |
| 131 | ട്രെഡ് മിൽ സൈക്കിൾ (ചെറുത്) | 63 | 67 |
| 132 | ട്രെഡ് മിൽ സൈക്കിൾ (വലുത്) | 126 | 135 |
| 133 | വാട്ടർ ടാങ്ക് 250 ലിറ്റർ (പി.വി.സി / പ്ലാസ്റ്റിക്) | 32 | 34 |
| 134 | വാട്ടർ ടാങ്ക് 500 ലിറ്റർ (പി.വി.സി / പ്ലാസ്റ്റിക്) | 47 | 50 |
| 135 | വാട്ടർ ടാങ്ക് 750 ലിറ്റർ (പി.വി.സി / പ്ലാസ്റ്റിക്) | 62 | 66 |
| 136 | വാട്ടർ ടാങ്ക് 1000 ലിറ്റർ & മുകളിൽ (പി.വി.സി / പ്ലാസ്റ്റിക്) | 98 | 105 |
| 137 | വേലിക്കല്ല് | 10 | 11 |
| 138 | സിമന്റ് ചെടിച്ചട്ടി (ചെറുത്) | 5 | 5 |
| 139 | സിമന്റ് ചെടിച്ചട്ടി (വലുത്) | 9 | 9 |
| 140 | സിമന്റ് ചെടിച്ചട്ടി ചെടി ഉൾപ്പെടെ (ചെറുത്) | 14 | 15 |
| 141 | സിമന്റ് ചെടിച്ചട്ടി ചെടി ഉൾപ്പെടെ (വലുത്) | 27 | 29 |
| 142 | ഫ്രിഡ്ജ് (വലുത്) (സ്റ്റെബിലൈസർ, സ്റ്റാൻ്റ് ഉൾപ്പെടെ) | 158 | 169 |
| 143 | ഫ്രിഡ്ജ് (ചെറുത്) (സ്റ്റെബിലൈസർ, സ്റ്റാന്റ് ഉൾപ്പെടെ) | 118 | 126 |
| 144 | സിന്തറ്റിക് വാതിലുകൾ | 13 | 14 |
| * | <u>തടി ഉരുപ്പടി ഫുൾ ലോഡ്</u> | | |
| 145 | തടി ഉരുപ്പടി (വലിയ ലോറി) | 3,645 | 3,900 |
| 146 | തടി ഉരുപ്പടി (മിനി ലോറി) | 2,853 | 3,053 |
| 147 | തടി ഉരുപ്പടി (ടെമ്പോ) | 1,664 | 1,780 |
| 148 | തടി/റബ്ബർ കയറ്റി അടുക്കിക്കെട്ടുന്നതിനും ഇറക്കുന്നതിനും (1 ടൺ) | 516 | 552 |
| 149 | വാതിൽ (ചെറുത്) തടി | 32 | 34 |
| 150 | വാതിൽ (വലുത്) തടി | 40 | 43 |
| 151 | ജനൽ 2 പാളി (ഗ്രിൽ ഉൾപ്പെടെ) | 27 | 29 |
| 152 | ജനൽ 3 പാളി (ഗ്രിൽ ഉൾപ്പെടെ) | 32 | 34 |
| 153 | ജനൽ 4 പാളി (ഗ്രിൽ ഉൾപ്പെടെ) | 34 | 36 |

| | | | | |
|---|---|---|---|---|
| 154 | ജനൽ 5 പാളി (ഗ്രിൽ ഉൾപ്പെടെ) | | 40 | 43 |
| 155 | പ്ലൈവുഡ് (1/2 -1 കനം) 4 അടി (1-ന്) | | 19 | 20 |
| 156 | പ്ലൈവുഡ് (1/2 -1 കനം) 6 അടി (1-ന്) | | 28 | 30 |
| 157 | പ്ലൈവുഡ് (1/2 -1 കനം) 8 അടി (1-ന്) | | 39 | 42 |
| 158 | വിറക് ഉരുൾ ലോറി 1-ന് | | 831 | 889 |
| 159 | വിറക് ഉരുൾ മിനി ലോറി 1-ന് | | 666 | 713 |
| 160 | വിറക് ഉരുൾ ടെമ്പോ 1-ന് | | 540 | 578 |
| 161 | പാളി വിറക് ലോറി 1-ന് | | 912 | 976 |
| 162 | പാളി വിറക് മിനി ലോറി 1-ന് | | 749 | 801 |
| 163 | പാളി വിറക് ടെമ്പോ 1-ന് | | 713 | 763 |
| * | സിമന്റ് റിങ്ങ് | | | |
| 164 | സിമന്റ് റിങ്ങ് വലുത് | | 74 | 79 |
| 165 | സിമന്റ്റിങ്ങ് ചെറുത് | | 56 | 60 |
| * | സിമന്റ് പാളികൾ/തൂണുകൾ | | | |
| 166 | സിമന്റ് പാളികൾ/തൂണുകൾ 25 കിലോ വരെ | | 12 | 13 |
| 167 | 25 കിലോയ്ക്ക് മുകളിൽ 50 വരെ | | 18 | 19 |
| 168 | 50 കിലോയ്ക്ക് മുകളിൽ | | 25 | 27 |
| 169 | 25 ബാൽക്കണി ഹാന്റ് റെയിൽ ഒരു സെറ്റ് (10 എണ്ണം) | | 31 | 33 |
| 170 | അലുമിനിയം ഫ്രെയിം 1 എണ്ണം | | 9 | 10 |
| 171 | അലുമിനിയം ഷട്ടർ 2 എണ്ണം | | 7 | 7 |
| 172 | പി.വി.സി.ഷീറ്റ് 1 എണ്ണം | | 10 | 11 |
| 173 | ജി.ഐ.ഷീറ്റ് 1 എണ്ണം | | 11 | 12 |
| 174 | എസ്.പി .ഷീറ്റ് 1 എണ്ണം (അലുമിനിയം കോമ്പോസിറ്റ് ചാനൽ) 12, 10, 8 ഇഞ്ച് | | 13 | 14 |
| 175 | അലുമിനിയം ചാനൽ സെക്ഷൻ 1 കിലോ | | 1 | 1 |
| 176 | അലുമിനിയം ചാനൽ സെക്ഷൻ 1 ..... 10 എണ്ണം | | 7 | 7 |
| 177 | പ്രീകാസ്റ്റ് കോൺക്രീറ്റ് സ്ലാബ് 2.50x2.50 | | 11 | 12 |
| 178 | പ്രീകാസ്റ്റ് കോൺക്രീറ്റ് ബീം 12 അടി വരെ | | 27 | 29 |
| * | സിമന്റ് ബോർഡ് (വി ബോർഡ്) | | | |
| 179 | സിമന്റ് ബോർഡ് (വി ബോർഡ്) 8x4 (12 mm) | | 6 | 6 |
| 180 | സിമന്റ് ബോർഡ് (വി ബോർഡ്) 8x4 (16 mm) | | 7 | 7 |
| 181 | സിമന്റ്ബോർഡ് (വി ബോർഡ്) 8x4 (18 mm) | | 9 | 10 |
| 182 | സിമന്റ് ബോർഡ് (വി ബോർഡ്) 8x4 (20 mm) | | 10 | 11 |
| 183 | സിമന്റ് ബോർഡ് (വി ബോർഡ്) 6x4 (12 mm) | | 5 | 5 |
| 184 | ജിപ്സം ബോർഡ് 6x4 (12.5 mm) | | 4 | 4 |
| 185 | പി.വി.സി ചാക്ക് കെട്ട് 1 എണ്ണം | | 12 | 13 |
| 186 | ജി.ഐ. ഫിറ്റിംഗ്സ് 1 സെറ്റ്/ 1 ചാക്ക് | | 18 | 19 |
| * | ജി.ഐ. പൈപ്പ്, എം.എസ് | | | |
| 187 | ജി.ഐ. പൈപ്പ്, എം.എസ് 3/4 ഇഞ്ച് മുതൽ 2 ഇഞ്ച് വരെ (ടണ്ണിന്) | | 375 | 401 |
| 188 | 2 ഇഞ്ച് മുതൽ 5 ഇഞ്ച് വരെ (ടണ്ണിന്) | | 375 | 401 |
| * | സ്റ്റീൽ സിങ്ക്/സിറാമിക് സിങ്ക് | | | |
| 189 | സ്റ്റീൽ സിങ്ക്/സിറാമിക് സിങ്ക് വലുത് | | 17 | 18 |

| | | | |
|---|---|---|---|
| 190 | സ്റ്റീൽ സിങ്ക്/സിറാമിക് സിങ്ക് ചെറുത് | 11 | 12 |
| 191 | മാൻഹോൾ കവറും ഫ്രെയിമും ചേർത്ത് 1 ന് | 62 | 66 |
| * | ഗ്രിൽ | | |
| 192 | ഗ്രിൽ 25 കിലോ മുതൽ 50 കിലോ വരെ | 12 | 13 |
| 193 | ഗ്രിൽ 50 കിലോയ്ക്ക് മുകളിൽ | 18 | 19 |
| 194 | ഗ്രിൽ 1 ടൺ | 923 | 988 |
| * | സെപ്റ്റിക്ക് ടാങ്ക് | | |
| 195 | സെപ്റ്റിക്ക് ടാങ്ക് 50 കിലോയ്ക്ക് താഴെ | 15 | 16 |
| 196 | സെപ്റ്റിക്ക് ടാങ്ക് ഒരു ടണ്ണിന് | 1,107 | 1,184 |
| 197 | മതിൽ കെട്ടുന്നതിനുള്ള സ്ലാബ് 1 എണ്ണം | 25 | 27 |
| * | കാറ്റാടിക്കഴ | | |
| 198 | കാറ്റാടിക്കഴ 15 അടി മുകളിൽ 1 എണ്ണം | 10 | 11 |
| 199 | കാറ്റാടിക്കഴ 15 അടി വരെ | 81 | 87 |
| 200 | ഇലക്ട്രിക് പൈപ്പ് 1 കെട്ട് | 37 | 40 |
| 201 | ഇലക്ട്രിക് വയർ 1 റോൾ | 6 | 6 |
| * | വയറിംഗ്/പെയിന്റിംഗ്/സി.പി ഫിറ്റിംഗ്സ് | | |
| 202 | വയറിംഗ്/പെയിൻറിംഗ്/സി.പി ഫിറ്റിംഗ്സ് (8 കിലോ മുതൽ 20 കിലോ വരെ) | 11 | 12 |
| 203 | 21 കിലോ മുതൽ 30 കിലോ വരെ | 14 | 15 |
| 204 | 31 കിലോ മുതൽ 50 കിലോ വരെ | 18 | 19 |
| 205 | ചിക്കൻ മെഷും, വെൽഡഡ് മെഷും ഒരു റോൾ | 12 | 13 |
| 206 | എച്ച് ഫ്രെയിം സെറ്റിന് 2 എണ്ണം | 15 | 16 |
| 207 | മെയിൻ ഇലക്ട്രിക്കൽ പാനൽ 1 ടൺ | 1,107 | 1,184 |
| 208 | ഇലക്ട്രിക്കൽ മീറ്ററിംഗ് പാനൽ 1/2 ടൺ | 554 | 593 |
| 209 | ജനറേറ്റർ സി.എസ്.പി പാനൽ 1 ടൺ | 1,107 | 1,184 |
| 210 | ലിഫ്റ്റ് പാനൽ 1 ടൺ | 1,107 | 1,184 |
| 211 | പമ്പ് പാനൽ 1 ടൺ | 1,107 | 1,184 |
| 212 | പെയിന്റ് 20 ലിറ്റർ വരെ | 10 | 11 |
| 213 | പെയിന്റ് 10 ലിറ്റർ | 6 | 6 |
| 214 | പെയിന്റ് 4 ലിറ്റർ | 3 | 3 |
| 215 | ഇരുമ്പ് ബിം 1 ടൺ | 1,107 | 1,184 |
| 216 | എയ്റേറ്റഡ് കോൺക്രീറ്റ് ബ്ളോക്ക് | | |
| 217 | എയ്റേറ്റഡ് കോൺക്രീറ്റ് ബ്ളോക്ക് 600X100x200 mm | 3 | 3 |
| 218 | എയ്റേറ്റഡ് കോൺക്രീറ്റ് ബ്ളോക്ക്600X125X200 mm | 4 | 4 |
| 219 | എയ്റേറ്റഡ് കോൺക്രീറ്റ് ബ്ളോക്ക്600x150x200 mm | 5 | 5 |
| 220 | എയ്റേറ്റഡ് കോൺക്രീറ്റ് ബ്ളോക്ക്600X200X200 mm | 6 | 6 |
| 221 | എയ്റേറ്റഡ് കോൺക്രീറ്റ് ബ്ളോക്ക്600X225x200 mm | 7 | 7 |
| 222 | പശ 40 കിലോ ബാഗ് | 10 | 11 |

| | | | |
|---|---|---|---|
| * | മറ്റിനങ്ങൾ | | |
| 223 | ലാപ്പ്ടോപ്പ് | | 5 |
| 224 | സ്കാനർ | | 5 |
| 225 | വേസ്റ്റ്ബിൻ | | 5 |
| 226 | പാവിംഗ് ഗ്രാസ്(1 ടൺ) | | 1,100 |
| 227 | സോളാർ പാനൽ(25കെ.ജി വരെ) | | 30 |
| 228 | സോളാർ പാനൽ(25കെ.ജി മുതൽ 100 കെ.ജി വരെ) | | 60 |

ആലപ്പുഴ

20-06-2026

ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയം

പിൻ - 688 013

ആലപ്പുഴ

Deepuphilip

ജില്ലാ ലേബർ ഓഫീസർ

ആലപ്പുഴ